#IIMKinMedia

Date: Septemebr 04, 2026

Newspaper: Malayala Manorama

# മന്ത്രിമാർ ക്ലാസാവട്ടെ !

## ▸▸ കോഴിക്കോട് ഐഐഎമ്മിൽ ഇന്നും നാളെയും പരിശീലനം

**മനോരമ ലേഖകൻ**

കോഴിക്കോട് ● 44 പേർക്ക് ഇരിക്കാവുന്ന ക്ലാസ് മുറി. പ്രൊജക്ടറും ഡിസ്പ്ലേ ബോർഡും ആധുനിക എഐ സംവിധാനങ്ങളും തയാറായിക്കഴിഞ്ഞു. ഈ ക്ലാസ് മുറിയിൽ ഇന്നുരാവിലെ 9 മുതൽ നാളെ ഉച്ചവരെ പഠിതാക്കളായി എത്തുന്നതു കേരളത്തിലെ മന്ത്രിമാർ. മുഖ്യമന്ത്രി വി.ഡി.സതീശനും എല്ലാ മന്ത്രിമാരും 2 ദിവസത്തെ പരിശീലന ക്ലാസിൽ പങ്കെടുക്കും. കേരളത്തിന്റെ ദീർഘകാല വികസന സാധ്യതകളും ഭാവി വെല്ലുവിളികളും ചർച്ച ചെയ്യുന്നതിനായാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (ഐഐഎം) 'റീഇമാജിനിങ് കേരളം' എന്ന പേരിൽ ശിൽപശാല ഒരുക്കുന്നത്.




### വിഷയങ്ങൾ

- നിർമിതബുദ്ധിയുടെ കാലത്തെ നേതൃത്വം.
- ജനജീവിതത്തിൽ സുസ്ഥിരമാറ്റങ്ങളുണ്ടാക്കാൻ വേണ്ട നയങ്ങൾ.
- കാലാവസ്ഥാ പ്രതിരോധം, സമൂഹാധിഷ്ഠിത ദുരന്തനിവാരണം.
- പൊതുജനാരോഗ്യ, വയോജനസമൂഹം.
- സിൽവർ ഇക്കോണമി, കേരളത്തിന്റെ സാമ്പത്തിക-ധനകാര്യ അടിത്തറ.
- തൊഴിൽ, സംരംഭകത്വം, നൈപുണ്യവികസനം.
- ഉന്നത വിദ്യാഭ്യാസത്തിലെ മികവ്.
- കേരളത്തെ ആഗോള ബ്രാൻഡായി ഉയർത്തുന്നതിനുള്ള സാധ്യതകൾ.

### ക്ലാസെടുക്കുന്നത്

ഐഐഎമ്മിലെ വിദഗ്ധർക്കു പുറമേ, ജപ്പാൻ കിയോ യൂണിവേഴ്സിറ്റി പ്രഫ.ഡോ. റജിബ്ഷോ, ലണ്ടൻ കിങ്സ് സർവകലാശാല അസോഷ്യേറ്റ് പ്രഫസർ സഞ്ജയൻ ബാനർജി, അരവിന്ദ് ഐ ഹോസ്പിറ്റൽ ചീഫ് മെഡിക്കൽ ഓഫിസർ ഡോ.അരവിന്ദ് ശ്രീനിവാസൻ, നാരായണ ഹെൽത്ത് സ്ഥാപകൻ ഡോ.ദേവി ഷെട്ടി.

### മൊബൈലിനു വിലക്ക്

ക്ലാസ് മുറിയിൽ കടുത്ത നിയന്ത്രണങ്ങളുള്ള വിദ്യാർഥികളായിത്തന്നെയാണു മന്ത്രിമാർ ഇരിക്കേണ്ടത്. മൊബൈൽ ഫോൺ പാടില്ല. മൊബൈൽ അടിച്ചാൽ പിഴ നൽകേണ്ടിവരുമെന്നു മുന്നറിയിപ്പുണ്ട്. സന്ദർശകർക്കു കർശന നിയന്ത്രണമുണ്ട്.